# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 25.10.2025**

### പ്രധാനവാർത്തകൾ

1. ശാസ്ത്ര സാങ്കേതിക മേഖലകളിലെ മികവിനുള്ള 2025 ലെ രാഷ്ട്രീയ വിഗ്യാൻ പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. മലയാളികൾ അടക്കം 8 പേർക്ക് വിഗ്യാൻ ശ്രീ പുരസ്കാരം.
2. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടിയായ മൻ കി ബാത്ത് നാളെ.
3. കേന്ദ്ര ക്ഷേമ-വികസന പദ്ധതി ആനുകൂല്യങ്ങൾ മത്സ്യതൊഴിലാളികൾക്കും കർഷകർക്കും ലഭിക്കുന്നതായി ഉറപ്പാക്കുമെന്ന് കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ.
4. സംസ്ഥാനത്ത് ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ മഞ്ഞ ജാഗ്രത. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.
5. സംസ്ഥാന സ്കൂൾ കായികമേളയിൽ തിരുവനന്തപുരം ജില്ല മുന്നേറ്റം തുടരുന്നു. നീന്തൽ ഇനങ്ങളിൽ തിരുവനന്തപുരത്തിന് കിരീടം .
6. ഓസ്ട്രേലിയക്കെതിരായ അവസാന ഏകദിനത്തിൽ ഇന്ത്യക്ക് ജയം.

RNU TVPM

*******************************

## വിഗ്യാൻ പുരസ്കാർ

ശാസ്ത്ര സാങ്കേതിക മേഖലകളിലെ മികവിനുള്ള 2025 ലെ രാഷ്ട്രീയ വിഗ്യാൻ പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. അന്തരിച്ച പ്രമുഖ ശാസ്ത്രജ്ഞൻ ജയന്ത് വിഷ്ണു നാർലിക്കർക്കാണ് വിഗ്യാൻ രത്ന പുരസ്കാരം. മലയാളികൾ അടക്കം 8 പേർ വിഗ്യാൻ ശ്രീ പുരസ്കാരവും, 14 പേർ വിഗ്യാൻ യുവ പുരസ്കാരവും നേടി. CSIR അരോമ മിഷനാണ് വിഗ്യാൻ ടീം അവാർഡ്. ബഹിരാകാശ സാങ്കേതിക വിദ്യാ വിഭാഗത്തിൽ V.S.S.C പ്രോജക്ട് ഡയറക്ടറും മലയാളിയുമായ എൻ.ജയന് വിഗ്യാൻശ്രീ പുരസ്കാരം ലഭിച്ചു.

*******************************

RNU TVPM

## മൻ കി ബാത്

പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടിയായ മൻ കി ബാത്തിലൂടെ പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ രാവിലെ 11 മണിക്ക് ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കും. പരിപാടിയുടെ 127-ാം പതിപ്പാണിത്. ആകാശവാണിയുടെ എല്ലാ നിലയങ്ങളും ദൂരദർശനും മൻ കി ബാത്ത് പ്രക്ഷേപണം ചെയ്യും.

*******************************

## ജോർജ് കുര്യൻ-മത്സ്യമേഖല (ഇൻട്രോ)

മത്സ്യമേഖലയുമായി ബന്ധപ്പെട്ട ക്ഷേമ-വികസന പദ്ധതികൾക്ക് കീഴിലെ ആനുകൂല്യങ്ങൾ മത്സ്യതൊഴിലാളികൾക്കും കർഷകർക്കും ലഭിക്കുന്നുവെന്ന് ഉറപ്പാക്കുമെന്ന് കേന്ദ്ര ഫിഷറീസ് സഹമന്ത്രി ജോർജ് കുര്യൻ. ഇൻഷുറൻസ് പരിരക്ഷയും മറ്റ് ക്ഷേമ ആനുകൂല്യങ്ങളും ലഭിക്കുന്നതിന് ദേശീയ മത്സ്യബന്ധന വികസന പദ്ധതി -എൻഎഫ്ഡിപിയിൽ രജിസ്റ്റർ ചെയ്യാൻ

മൽസ്യ തൊഴിലാളികൾ ഉൾപ്പെടെയുള്ളവരോട് അദ്ദേഹം ആഹ്വാനം ചെയ്തു. മേഖലയിൽ കേന്ദ്രസർക്കാർ നയങ്ങൾ നടപ്പാക്കുന്നതിൽ കേരള സർക്കാറിന്റെ പൂർണ സഹകരണത്തെ മന്ത്രി അഭിനന്ദിച്ചു. തൃശ്ശൂരിൽ ഫിഷറീസ് പ്രചാരണ പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

(വോയ്സ്)

******************************

## ഗ്ലോബൽ സ്കിൽ ഹബ്ബ്- മന്ത്രി വി ശിവൻകുട്ടി

കേരളത്തെ ആഗോള നൈപുണ്യ കേന്ദ്രമാക്കി വികസിപ്പിക്കുമെന്നും ഇതിനായി ഇവിടെയുള്ള വ്യവസായിക പരിശീലന കേന്ദ്രങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുമെന്നും മന്ത്രി വി ശിവൻകുട്ടി. ദേശീയ, സംസ്ഥാന തലത്തിൽ പുരസ്ക്കാരങ്ങൾ നേടിയ അധ്യാപകരേയും വിദ്യാർത്ഥികളേയും അനുമോദിക്കുന്നതിനായി വ്യാവസായിക പരിശീലന വകുപ്പ് തിരുവനന്തപുരത്ത് സംഘടിപ്പിച്ച 'മെറിടോറിയ 2025' ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. അതിവേഗം വളരുന്ന വ്യാവസായിക മേഖലയിൽ അക്കാദമിക പരിജ്ഞാനത്തോടൊപ്പം സാങ്കേതിക വിദ്യ അടിസ്ഥാനമാക്കിയുള്ള തൊഴിൽ പരിശീലനവും അത്യാവശ്യമാണെന്ന് മന്ത്രി പറഞ്ഞു.

******************************

## മന്ത്രി പി എ മുഹമ്മദ് റിയാസ്- ടൂറിസം (ഇൻട്രോ)

ജനകീയ ടൂറിസം പരിപാടികളിലൂടെ പ്രാദേശിക തൊഴിലവസരങ്ങളും വരുമാനവും സൃഷ്ടിക്കുന്നതിൽ വിനോദസഞ്ചാര മേഖല സുപ്രധാന പങ്കുവഹിക്കുന്നതായി മന്ത്രി പി എ മുഹമ്മദ് റിയാസ്. ടൂറിസം മേഖലയുടെ ഭാവി വികസനത്തെ കുറിച്ച് ഇടുക്കിയിൽ നടന്ന 'വിഷൻ 2031 ലോകം കൊതിക്കും കേരളം' സെമിനാറിനെ അഭിസംബോധന ചെയ്യുകയായിരുന്നു

RNU TVPM

അദ്ദേഹം. കോവിഡിന് ശേഷം ഓരോ വർഷവും കേരളത്തിൽ എത്തുന്ന വിനോദസഞ്ചാരികളുടെ എണ്ണത്തിൽ വൻവർധന ഉണ്ടായതായും അദ്ദേഹം പറഞ്ഞു.

(വോയ്സ്)

ടൂറിസം മേഖലയിൽ കേരളം, മറ്റ് സംസ്ഥാനങ്ങളോട് അല്ല ആഗോള രാജ്യങ്ങളോടാണ് മത്സരിക്കുന്നത് എന്നും അദ്ദേഹം പറഞ്ഞു

******************************

## അർജന്റീന ഫുട്ബോൾ

മെസ്സി ഉൾപ്പെടുന്ന അർജന്റീന ഫുട്ബോൾ ടീം നവംബറിൽ കേരളത്തിലേക്ക് വരില്ലെന്ന് സ്പോൺസർമാർ. ഫിഫ അനുമതി ലഭിക്കാനുള്ള കാലതാമസമാണ് ഇതിന് കാരണമായി പറയുന്നത്. അനുമതി ലഭിച്ചാൽ അടുത്ത വിൻഡോയിൽ കേരളത്തിലെത്തുമെന്ന് അർജന്റീന ഫുട്ബാൾ അസോസിയേഷൻ വ്യക്തമാക്കിയതായും സ്പോൺസർമാർ അറിയിച്ചു. അർജന്റീന ടീമിനെ കേരളത്തിൽ എത്തിക്കാനുള്ള ക്രമീകരണങ്ങൾ വേഗത്തിൽ പൂർത്തിയാക്കാൻ നടപടി സ്വീകരിച്ചിരുന്നതായി കായിക മന്ത്രി വി അബ്ദുറഹിമാൻ പറഞ്ഞു.

******************************

## സ്മാർട്ട് സിറ്റി പദ്ധതി-പാലക്കാട് (ഇൻട്രോ)

പാലക്കാട് വ്യവസായ സ്മാർട്ട് സിറ്റി പദ്ധതിക്ക് കേന്ദ്ര വിഹിതത്തിന്റെ മൂന്നാം ഗഡു നൽകി. 300.2 കോടി രൂപയാണ് കേരള ഇൻഡസ്ട്രിയൽ കോറിഡോർ വികസന കോർപ്പറേഷന് ലഭിച്ചത്. **വിശദാംശങ്ങളുമായി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്.......**

(വോയ്സ്)

******************************

## പിഎം ശ്രീ - തർക്കം

പി.എം.ശ്രീ യുമായി ബന്ധപ്പെട്ട വിഷയം ചർച്ച ചെയ്യാൻ മന്ത്രി വി.ശിവൻകുട്ടി തിരുവനന്തപുരത്തെ സിപിഐ ആസ്ഥാനത്തെത്തി. സിപിഐ സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വവുമായും മന്ത്രി ജി.ആർ. അനിലുമായും വി.ശിവൻകുട്ടി ചർച്ച നടത്തി. എല്ലാ പ്രശ്നങ്ങളും പരിഹരിക്കുമെന്ന് ചർച്ചയ്ക്ക് ശേഷം മന്ത്രി വി ശിവൻകുട്ടി പ്രതികരിച്ചു.

******************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

(ബ്രേക്ക്)

******************************

## ഉപരോധ സമരം

ശബരിമലയിൽ സ്വർണ്ണക്കൊള്ള നടന്നെന്ന് ആരോപിച്ച് ബിജെപി നടത്തിയ രാപ്പകൽ സെക്രട്ടേറിയറ്റ് ഉപരോധ സമരം അവസാനിച്ചു. ഇന്നലെ രാത്രി ഏഴു മണിയോടെയാണ് സെക്രട്ടേറിയറ്റിന് മുന്നിലെ ഗേറ്റിൽ ബിജെപി പ്രവർത്തകരും നേതാക്കളും ഉപരോധ സമരം ആരംഭിച്ചത്. സമരത്തിന്റെ ഭാഗമായി സെക്രട്ടേറിയറ്റിന്റെ മൂന്ന് പ്രവേശന കവാടവും ബി ജെ പി പ്രവർത്തകർ ഉപരോധിച്ചു.

******************************

RNU TVPM

## പോക്സോകേസുകൾ-(ഇൻട്രോ)

പത്തനംതിട്ട ജില്ലയിൽ പോക്സോകേസുകൾ വർദ്ധിക്കുന്നതായി കണക്കുകൾ. ഈ വർഷം ഓഗസ്റ്റുവരെ രജിസ്റ്റർ ചെയ്തത് 190 കേസുകൾ. **വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി.എസ്.ശ്രീധർ......**

(വോയ്സ്)

*******************************

## മഴ - സംസ്ഥാനം

സംസ്ഥാനത്ത് ശക്തമായ മഴയും കാറ്റും തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തെക്കൻ ജില്ലകളിൽ പുലർച്ചെ കനത്ത മഴ അനുഭവപ്പെട്ടു. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ മഞ്ഞ ജാഗ്രത നിർദ്ദേശം നൽകിയിട്ടുണ്ട്. നാളെ ആറ് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. മോശം കാലാവസ്ഥ കണക്കിലെടുത്ത് കേരള തീരത്ത് ചൊവ്വാഴ്ച വരെയും ലക്ഷദ്വീപ് - കർണാടക തീരങ്ങളിൽ ഈ മാസം 28 വരെയും മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

RNUTVPM

*******************************

## നെയ്യാർ ഡാം-പ്രളയ സാധ്യത

കനത്ത മഴയെ തുടർന്ന് ജലനിരപ്പ് ഉയർന്ന സാഹചര്യത്തിൽ നെയ്യാർ ഡാമിന്റെ നാലു ഷട്ടറുകളും ഉയർത്തി. ഡാമിന്റെ സമീപപ്രദേശങ്ങളിൽ താമസിക്കുന്നവർ ജാഗ്രത പാലിക്കണമെന്ന് തിരുവനന്തപുരം ജില്ലാ കളക്ടർ അറിയിച്ചു. ജലനിരപ്പ് ഉയർന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ വിവിധ നദികളിൽ ജലസേചന വകുപ്പ് പ്രളയ സാധ്യത മുന്നറിയിപ്പ് നൽകി. ജനങ്ങൾ ജാഗ്രത പാലിക്കണമെന്നും നദികളിൽ ഇറങ്ങാനോ നദി മുറിച്ചു കടക്കാനോ പാടില്ലെന്നും മുന്നറിയിപ്പുണ്ട്.

*******************************

## പ്ലെയിൻപാറ-ഇടുക്കി (ഇൻട്രോ)

ഇടുക്കിയിലെ ഉൾനാടൻ വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ സഞ്ചാരികൾക്ക് ഏറെ പ്രിയപ്പെട്ട പ്രദേശമാണ് സേനാപതി പഞ്ചായത്തിലെ പ്ലെയിൻപാറ. വിമാന ചിറകിന്റെ ആകൃതിയിലുള്ള പാറപുറത്തുനിന്നുള്ള കാഴ്ചകളാണ് സഞ്ചാരികളെ ഇവിടേയ്ക്ക് ആകർഷിക്കുന്നത്.

**വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ.....**

**(വോയ്സ്)**

*******************************

RNU TVPM

## സ്കൂൾ കായികമേള

സംസ്ഥാന സ്കൂൾ കായികമേളയിൽ തിരുവനന്തപുരം ജില്ല മുന്നേറ്റം തുടരുന്നു. 1457 പോയിന്റുമായാണ് ആതിഥേയർ ഒന്നാം സ്ഥാനത്ത് തുടരുന്നത്. തൃശൂർ രണ്ടാമതും കണ്ണൂർ മൂന്നാമതുമാണ്. ഗെയിംസിൽ 396 ഇനങ്ങൾ പൂർത്തിയായപ്പോൾ തിരുവനന്തപുരം ഒന്നാം സ്ഥാനത്ത് തുടരുകയാണ്. അത്ലറ്റിക്സിൽ 44 ഇനങ്ങൾ പൂർത്തിയായപ്പോൾ പാലക്കാട് ആണ് മുന്നിൽ.

*******************************

## നീന്തൽ ചാമ്പ്യൻഷിപ്പ്

സംസ്ഥാന സ്കൂൾ കായിക മേളയുടെ നീന്തൽ ഇനങ്ങളിൽ തിരുവനന്തപുരത്തിന് ഓവറോൾ ചാമ്പ്യൻഷിപ്പ് . നിലവിലെ ചാമ്പ്യൻമാരായ തിരുവനന്തപുരം 73 സ്വർണവും 63

വെള്ളിയും 46 വെങ്കലവുമായി 649 പോയിന്റോടെയാണ് ഒന്നാംസ്ഥാനം നില നിർത്തിയത്. തൃശൂർ രണ്ടാമതും എറണാകുളം മൂന്നാംസ്ഥാനത്തുമാണ്.

*******************************

## ഏകദിന ക്രിക്കറ്റ്

ഓസ്ട്രേലിയക്കെതിരായ അവസാന ഏകദിനത്തിൽ ഇന്ത്യക്ക് 9 വിക്കറ്റ് ജയം. സിഡ്നിയിൽ നടന്ന മത്സരത്തിൽ ഇന്ത്യക്കായി രോഹിത് ശർമ സെഞ്ചുറിയും വിരാട് കോഹ്ലി അർധ സെഞ്ചുറിയും നേടി. ടോസ് നേടി ആദ്യം ബാറ്റ് ചെയ്ത ഓസ്ട്രേലിയ 47-ാം ഓവറിൽ 236 റൺസിന് എല്ലാവരും പുറത്തായി. ഇന്ത്യ 39-ാം ഓവറിൽ ലക്ഷ്യത്തിലെത്തി. ആദ്യ രണ്ടു മത്സരങ്ങൾ ജയിച്ച ഓസ്ട്രേലിയ നേരത്തേ പരമ്പര സ്വന്തമാക്കിയിരുന്നു. അഞ്ചുമത്സര ട്വന്റി 20 പരമ്പരയ്ക്ക് ഈ മാസം 29നു തുടക്കമാകും

*************************** ******************************
**************************************************************

RNU TVPM